

## കേരള സർക്കാർ
## ഗവൺമെന്റ് ദന്തൽ കോളേജ്
## കോട്ടയം

# വിവിധ പദ്ധതികളുടെ
# ഉദ്ഘാടനം



ഉദ്ഘാടനം

**ശ്രീ. വി.എൻ. വാസവൻ**

(ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)

അദ്ധ്യക്ഷൻ

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

(എം.എൽ.എ)

**2021 ഡിസംബർ 13 തിങ്കൾ രാവിലെ 10 മണി**

മാന്യരേ,

ആതുരസേവനരംഗത്തും മെഡിക്കൽ വിദ്യാഭ്യാസമേഖലയിലും മുൻപന്തിയിൽ നിൽക്കുന്ന കോട്ടയം ദന്തൽ കോളേജിൽ കേരള ഗവൺമെന്റിന്റെ പ്രത്യേക പരിഗണനയോടുകൂടി വളരെയധികം വികസനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ദന്തൽ കോളേജിലെ ശിശുരോഗ വിഭാഗത്തിൽ ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള കുഞ്ഞുങ്ങളെ മയക്കിക്കിടത്തി (ജനറൽ അനസ്തേഷ്യ) ആവശ്യമായ ദന്തവദന ചികിത്സകൾ നൽകുവാനും, ദന്തചികിത്സയോട് ഭയവും ഉത്കണ്ഠയും ഉള്ള കുഞ്ഞുങ്ങൾക്ക് നൂതന സാങ്കേതിക വിദ്യയായ കോൺഷ്യസ് സെഡേഷൻ അഥവാ ബോധം നിലനിർത്തിക്കൊണ്ടുള്ള മയക്കം സൃഷ്ടിക്കൽ ഉപയോഗിച്ച് ഫലപ്രദമായി ദന്തചികിത്സകൾ പ്രദാനം ചെയ്യാനുമുള്ള സൗകര്യം നടപ്പിലാക്കപ്പെടുകയാണ്. വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലും പ്രചാരത്തിലുള്ള ചികിത്സാരീതിയെങ്കിലും കേരളത്തിലെ സ്വകാര്യമേഖലയിൽപ്പോലും വിരളമായിമാത്രമെ ഇവ ഉപയോഗിച്ചു വരുന്നുള്ളൂ. കേരളത്തിലെ ഗവൺമെന്റ് മേഖലയിൽ ഇദംപ്രഥമമായി കോട്ടയം ദന്തൽ കോളേജിലാണ് ഇത് നടപ്പിലാക്കുന്നത്. ഇവയുടെ ഔപചാരികമായ ഉദ്ഘാടനം 13.12.21 രാവിലെ 10 മണിയ്ക്ക് ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ വെച്ച് ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ നിർവ്വഹിക്കുന്നതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്ന ചടങ്ങിലേക്ക് താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിക്കുന്നു.

ഡോ. രാജൻ എൻ. ഖോബ്രഗഡെ IAS
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ്

ഡോ. റംല ബീവി
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ഡോ. അനിത ബാലൻ
ജോയിന്റ് ഡയറക്ടർ, മെഡിക്കൽ എഡ്യുക്കേഷൻ (ജനറൽ)
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ഡോ. വി.റ്റി. ബീന
പ്രിൻസിപ്പൽ, ഗവ. ദന്തൽ കോളേജ്, കോട്ടയം

# കാര്യപരിപാടി

| | | |
|---|---|---|
| **സ്വാഗതം** | : | **ഡോ. വി. ടി. ബീന**<br>പ്രിൻസിപ്പൽ, ദന്തൽ കോളേജ്, കോട്ടയം |
| **ആമുഖപ്രസംഗം** | : | **ഡോ. ടി. വി. അനുപം കുമാർ**<br>പ്രൊഫസർ & ഹെഡ്, പിഡോഡോണ്ടിക്സ് |
| **അദ്ധ്യക്ഷൻ** | : | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** എം.എൽ.എ |
| **ഉദ്ഘാടനം** | : | **ശ്രീ. വി. എൻ. വാസവൻ**<br>ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി |
| **ആശംസകൾ** | : | **ശ്രീമതി നിർമ്മല ജിമ്മി**<br>ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| | | **ശ്രീ സാബു മാത്യു**<br>മുൻസിപ്പൽ കൗൺസിലർ |
| | : | **ഡോ. കെ. പി. ജയകുമാർ**<br>പ്രിൻസിപ്പൽ, ഗവ.മെഡിക്കൽ കോളേജ് |
| **മഹനീയ സാന്നിദ്ധ്യം** | : | **ഡോ. ജോർജ് വർഗീസ്**<br>പ്രിൻസിപ്പൽ, പുഷ്പഗിരി ദന്തൽ കോളജ്,<br>മുൻ പ്രിൻസിപ്പൽ, ഗവ. ദന്തൽ കോളജ്, കോട്ടയം |
| | | **ഡോ. വി. കെ. ഉഷ**<br>പ്രിൻസിപ്പൽ, ഗവ. നഴ്സിങ്ങ് കോളജ് |
| | | **ഡോ. ജയകുമാർ ടി. കെ.**<br>സൂപ്രണ്ട്, മെഡിക്കൽ കോളജ്, കോട്ടയം |
| | | **ഡോ. ജയപ്രകാശ് കെ. പി.**<br>സൂപ്രണ്ട്, കുട്ടികളുടെ ആശുപത്രി |
| | | **ഡോ. ഷീലാ വർഗ്ഗീസ്**<br>പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് അനസ്തേഷ്യ,<br>ഗവ.മെഡിക്കൽ കോളേജ് കോട്ടയം |
| **കൃതജ്ഞത** | : | **ശ്രീ സതീഷ് കുമാർ ഇ. എൻ**<br>പി.റ്റി.എ. വൈസ് പ്രസിഡന്റ് |
| | | **ദേശീയഗാനം** |

# ഉദ്ഘാടനം ചെയ്യപ്പെടുന്ന പദ്ധതികൾ

1. **സമ്പൂർണ ദന്തചികിത്സ – മയക്കിക്കിടത്തി നൽകുന്ന ചികിത്സാരീതി**

   കുഞ്ഞുങ്ങളിൽ പ്രത്യേകിച്ചും ഭിന്നശേഷിക്കാരിൽ സമ്പൂർണ ദന്തചികിത്സകൾ പ്രദാനം ചെയ്യുക എന്നത് പ്രയത്നകരവും സങ്കീർണവും അതിലുപരി വെല്ലുവിളികൾ നിറഞ്ഞതുമാണ്. അത്തരക്കാർക്ക് കൃത്യമായ ദന്തചികിത്സ ലഭ്യമാക്കാൻ മയക്കിക്കിടത്തി (ജനറൽ അനസ്തേഷ്യ)യുള്ള മാർഗ്ഗം സ്വീകരിക്കപ്പെടാറുണ്ട്. ഇതിലൂടെ കുട്ടികളുടെ പലതവണയുള്ള ആശുപത്രി സന്ദർശനം ഒഴിവാക്കാനും സാധിക്കുന്നു. കേരളത്തിലെ ഗവൺമെന്റ് മേഖലയിൽ ഇത്തരത്തിൽ ചികിത്സ പ്രദാനം ചെയ്യപ്പെടുന്നത് ഇതാദ്യമായാണ്. കോട്ടയം ഗവൺമെന്റ് ദന്തൽ കോളേജിലെ ശിശുരോഗവിഭാഗവും മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗവും സംയുക്തമായാണ് ഇത് നടപ്പിലാക്കുന്നത്.

2. **കോൺഷ്യസ് സെഡേഷൻ യൂണിറ്റ്**

   ദന്തചികിത്സ സ്വീകരിക്കുന്നതിന് ഭയവും ഉത്കണ്ഠയും ഉള്ളവർക്ക് ഫലപ്രദമായി ചികിത്സ നടത്തുന്നതിന് ഓക്സിജൻ നൈട്രസ് ഓക്സൈഡ് എന്ന മിശ്രിതം ഒരു നിശ്ചിത അളവിൽ ക്രമീകരിച്ച് മാസ്കിലൂടെ നൽകുന്ന നൂതന സാങ്കേതിക വിദ്യയായ കോൺഷ്യസ് സെഡേഷൻ. രോഗികളെ ഭയമുക്തരാക്കി ശാന്തരാക്കുന്നു. ഈ ചികിത്സാരീതി ഇനി മുതൽ കോട്ടയം ദന്തൽ കോളേജിൽ ലഭ്യമാകുന്നതാണ്.

3. **പുനർജ്ജനി– ബോധവത്കരണ പരിപാടി**

   കോട്ടയം ജില്ലയിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്യുന്ന ബോധവത്കരണ പരിപാടിയാണ് ‘പുനർജ്ജനി’. അപകടങ്ങൾ മൂലം സംഭവിക്കാവുന്ന ദന്തക്ഷതങ്ങളെക്കുറിച്ചും അവയ്ക്കുള്ള പ്രാഥമിക ശുശ്രൂഷകളെക്കുറിച്ചും വിദ്യാർത്ഥികളിലും അദ്ധ്യപകരിലും അവബോധം സൃഷ്ടിക്കലാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

4. **കരിയർ ഗൈഡൻസ് പ്രഭാഷണം**

   കോട്ടയം ഗവൺമെന്റ് ദന്തൽ കോളേജിൽ നിന്നും ബിരുദവും ബിരുദാനന്തബിരുദവും നേടുന്ന വിദ്യാർത്ഥികൾക്ക് ദന്ത ചികിത്സാ മേഖലയിലെ ഇന്ത്യയിലും വിദേശത്തുമുള്ള തൊഴിലവസരങ്ങളെ കുറിച്ച് അവബോധം നൽകുവാനും ഒപ്പം തന്നെ ദന്തചികിത്സാ മേഖലയിലെ നൂതനരീതികളിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം നൽകുവാനും കരിയർ ഗൈഡൻസ് & പ്ലേസ്മെന്റ് സെൽ പ്രവർത്തിക്കുന്നു. ഇതിന്റെ തുടർപരിപാടികളുടെ ഭാഗമായി പീഡോഡോണ്ടിക് ഡിപ്പാർട്ട്മെന്റ് നടത്തുന്ന പ്രഭാഷണം

   പ്രഭാക്ഷക: ഡോ. കവിത കുമാർ
   (മുൻ പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് പിഡിയാട്രിക് & പ്രിവന്റീവ് ഡെന്റിസ്ട്രി, അണ്ണൂർ ദന്തൽ കോളേജ്, മൂവാറ്റുപുഴ)

5. **വിദ്യാർത്ഥികൾക്കുള്ള കൈപുസ്തകം (സ്റ്റുഡന്റ്സ് ഹാൻഡ് ബുക്ക്)**
6. **അദ്ധ്യാപകർക്കുള്ള കൈപുസ്തകം (ഫാക്കലിറ്റി ഹാൻഡ് ബുക്ക്)**
7. **വകുപ്പുകളുടെ നടപടിക്രമങ്ങളുടെ സംഹിത (ഡിപ്പാർട്ട്മെന്റ് എസ് ഒ പി)**

Wild Thoughts 0481 2566959